File No.DMA1/261/2018-DMD

Cabinet-decision

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതി -2018 - അടിയന്തിര നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.7/2018/DMD തീയതി,തിരുവനന്തപുരം, 21/06/2018

പരാമർശം:- 1 18/06/2018 ലെ മന്ത്രിസഭായോഗതീരുമാനം.

ഉത്തരവ്

2018-ലെ കാലവർഷത്തിൽ സംസ്ഥാനത്തെ നിരവധി വീടുകൾക്കും കൃഷിക്കും വമ്പിച്ച നാശനഷ്ടം സംഭവിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന ആശ്വാസ നടപടികൾ സ്വീകരിച്ച് ഉത്തരവാകുന്നു.

i) പൂർണ്ണമായും തകർന്നതോ (Fully damaged), വാസയോഗ്യം അല്ലാതായതോ (Severely damaged, greater than 75%) ആയ ഒരു വീടിന്, ദുരന്ത ബാധിതർ പുതുതായി വീട് നിർമ്മിക്കും എന്ന വ്യവസ്ഥയോടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മൊത്തമായി 4,00,000/- (നാല് ലക്ഷം രൂപാ മാത്രം) രൂപ ആശ്വാസധനസഹായമായി അനുവദിക്കുന്നു.

ii) പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ, നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000/- (ആറ് ലക്ഷം രൂപാ മാത്രം) രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കുന്നു.

iii) ദുരന്ത ബാധിതർ വീട് തകർന്ന അതേ സ്ഥലത്താണ് വീട് പുനർനിർമ്മിക്കുന്നതെങ്കിൽ തദ്ദേശ സ്ഥാപനം വീട് നിർമ്മാണത്തിന് ഒരു ദിവസത്തിനുള്ളിൽ അനുമതി നൽകേണ്ടതാണ്.

iv) ദുരന്ത ബാധിതർക്ക് ആശ്വാസ ധനസഹായം രണ്ട് ഗഡുക്കളായി അനുവദിച്ച് നൽകേണ്ടതാണ്. അതായത്, ആദ്യ ഗഡുവായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ മുഴുവൻ തുകയും തുടർന്ന് വീടിന്റെ നിർമ്മാണം 25 % പൂർത്തീകരിച്ചതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി തുകയും നൽകേണ്ടതാണ്.

v) ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് വാസയോഗ്യം അല്ലാതായ വീട് എന്നാൽ(75%) എഴുപത്തിയഞ്ച് ശതമാനത്തിലധികം തകർച്ച/നാശം നേരിട്ട വീട്

എന്നതാകുന്നു.

vi) അംഗീകൃത പ്രകൃതിക്ഷോഭത്തിൽ ഭാഗികമായി നാശം സംഭവിച്ച വീടുകൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് (15% മുതൽ 75% എങ്കിലും ഭാഗികമായി തകർന്ന വീടുകൾക്ക് നാശനഷ്ട ശതമാന കണക്കിൽ) നിലവിലുള്ള നിരക്ക് കുറഞ്ഞതോ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതോ ആയ കാര്യങ്ങൾ പുനഃപരിശോധിച്ച് രണ്ട് ആഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ് സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

vii) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കൃഷി നാശത്തിന്റെ കുടിശ്ശിക തീർക്കാൻ വേണ്ട 12,00,00,000/- (പന്ത്രണ്ട് കോടി രൂപാ മാത്രം) രൂപ 2245-02-114-99-Flood - Assistance to farmers to purchase Agri. inputs എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നു.

Viii) 2401-00-800-91-Natural Calamity എന്ന ശീർഷകത്തിൽ 44,82,00,000/- (നാല്പത്തിനാല് കോടി എൺപത്തി രണ്ട് ലക്ഷം രൂപാ മാത്രം) രൂപ കുടിശ്ശിക തീർക്കുവാനും 2018-ലെ നാശനഷ്ടത്തിന് പരിഹാരം കാണുന്നതിന് 64,19,00,000/- (അറുപത്തിനാല് കോടി പത്തൊമ്പത് ലക്ഷം രൂപാ മാത്രം) രൂപ അനുവദിക്കുന്നതിനും ആവശ്യമായ നടപടി കൃഷി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ix) ഭാവിയിൽ, ഈ കാലവർഷത്തിൽ സംഭവിച്ചത് പോലെയുള്ള ദുരന്തങ്ങൾ പ്രതിരോധിക്കുവാൻ (mitigation) എടുക്കേണ്ട മുൻകരുതലുകൾ, സംസ്ഥാനത്തെ സാഹചര്യങ്ങൾക്കനുസൃതമായി ക്രോഡീകരിച്ച് മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിനായി താഴെക്കൊടുത്തിരിക്കുന്ന സാങ്കേതിക വിദഗ്ധസമിതിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് - ചെയർമാൻ
2. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി - കൺവീനർ
3. ശ്രീ. കെ. പി. രഘുനാഥമേനോൻ, ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട്സെൻസിംഗ്&എൻവയോൺമെന്റ്സെന്റർ - മെമ്പർ
4. ഡോ. വി.പി. ദിനേശൻ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, സെന്റർ ഫോർ വാട്ടർറിസോഴ്സസ് ഡെവലപ്മെന്റ്&മാനേജ്മെന്റ്(CWRDM) - മെമ്പർ
5. ഡോ. അഭിലാഷ് എസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് അറ്റ്മോസ്ഫറിക് സയൻസ്, കുസാറ്റ് - മെമ്പർ
6. ശ്രീ. ജി. ശങ്കർ, സീനിയർ കൺസൾട്ടന്റ്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് - മെമ്പർ
7. ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയിൽ നിന്നുള്ള പ്രതിനിധി - മെമ്പർ

File No.DMA1/261/2018-DMD

x) ദുരന്തത്തിൽ പ്രമാണങ്ങൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ പ്രധാനപ്പെട്ട രേഖകൾ നഷ്ടപ്പെട്ടവർക്ക് ആയത് പുനഃസൃഷ്ടിച്ച് നൽകുവാൻ വേണ്ടി, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പോൾആന്റണി
ചീഫ് സെക്രട്ടറി

1) ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

2) എല്ലാ ജില്ലാ കളക്ടർമാർക്കും.

3) മെമ്പർ സെക്രട്ടറി , സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.33

4)ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

5) എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖാന്തരം)

6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ& ഇ), കേരള, തിരുവനന്തപുരം.

7) അക്കൗണ്ടന്റ് ജനറൽ, (ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.

8) ധനകാര്യ വകുപ്പ്.

9) കൃഷി വകുപ്പ്

10)തദ്ദേശസ്വയംഭരണ വകുപ്പ്.

11) റവന്യൂ(ഡി.ആർ.എഫ്. (എ, ബി, സി)) വകുപ്പുകൾക്ക്.

12) ചീഫ് സെക്രട്ടറി.

13) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്

14) സെക്രട്ടറി, കൃഷി വകുപ്പ്.

15) സെക്രട്ടറി, ധനവകുപ്പ് .

16) ശ്രീ. കെ. പി. രഘുനാഥമേനോൻ, ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ, വികാസ് ഭവൻ, തിരുവനന്തപുരം.

17) ഡോ. വി.പി. ദിനേശൻ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ് മെന്റ് & മാനേജ്മെന്റ് , കുന്നമംഗലം, കോഴിക്കോട് – 673 571.

18) ഡോ. അഭിലാഷ്.എസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് അറ്റ്മോസ്ഫറിക് സയൻസ്, കുസാറ്റ് , കൊച്ചിൻ യൂണിവേഴ്സിറ്റി. പി.ഒ, കൊച്ചി –682 022

19) ശ്രീ. ജി. ശങ്കർ, സീനിയർ കൺസൾട്ടന്റ്, നാഷണൽ സെന്റർഫോർ എർത്ത് സയൻസ് സ്റ്റഡീസ്, പി.ബി .നം.7250, ആക്കുളം, തിരുവനന്തപുരം.695 011.

20) ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, കേരള യൂണിറ്റ്, നെട്ടയം, തിരുവനന്തപുരം.695 013.

21) ഡി.എം.എ4 സീറ്റ് (അവശ്യമായ നടപടികൾക്കായി)

22) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി.(പ്രസിദ്ധീകരണത്തിന്)

File No.DMA1/261/2018-DMD

23)പൊതുഭരണ (എസ്.സി) വകുപ്പ് (18/06/2018 ലെ O.A.No.2253)

24) കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി. എസിന്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്.

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ